PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Friday, the 20th March 1964

Vol. XVIII] OFFICIAL REPORT [No. 30

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the clock on Friday, the 20th March 1964 with Mr Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

ഓവർ ഏജ്ഡ് അദ്ധ്യാപകന്മാർ

* 808. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈവറ്റ് സ്കൂളുകളിൽ ഓവർ ഏജ്ഡ് അദ്ധ്യാപകന്മാരെ നിയമിക്കാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഈ വ്യവസ്ഥ വന്നതിനുശേഷം എത്ര ഓവർ ഏജ്ഡ് അദ്ധ്യാപകന്മാർ നിയമിക്കപ്പെട്ടിട്ടുണ്ട് ;

(സി) ഇവരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി എന്തു നടപടി ഗവണ്മെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ.) : (എ) സ്ഥിരമായി നിയമിക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്.

(ബി) താൽക്കാലികമായി 558 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഇവരുടെ നിയമനം തികച്ചും താൽക്കാലികമാണെന്നുള്ള അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. ആകയാൽ സ്ഥിരപ്പെടുത്തുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഇങ്ങനെ നിയമിച്ചിട്ടുള്ളവരെ തുടർന്നു നിലനിറുത്തുന്നകാര്യം ഗവണ്മെൻറ് പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഓവർ ഏജ്ഡ് ആയ ആളുകളെ താൽകാലികമായി നിയമിക്കുകയാണു്. അതുകൊണ്ടു് അങ്ങനെ പരിഗണിക്കുകയില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ആദ്യം നിയമിക്കുമ്പോൾ പ്രായ പരിധിക്കുള്ളിൽതന്നെ നിയമനം കിട്ടുകയും, പിന്നെ ടെയിനിംഗ്ു് കഴിഞ്ഞുവരുമ്പോൾ പ്രായപരിധി കഴിയുകയുംചെയ്താൽ അവർക്കു് ഏജ് എക്സംപ്ഷൻ കൊടുക്കുന്നതിനു് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അക്കാര്യത്തിനു് എന്തെങ്കിലും പ്രത്യേക വ്യവസ്ഥയുണ്ടോ എന്നു പ്പോൾ പറയാൻ ഒക്കുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആദ്യനിയമനം കിട്ടി മൂന്നു നാലുമാസം കഴിഞ്ഞു ടെയിനിംഗിനെടുക്കുന്നു. ടെയിനിംഗ് പൂർത്തിയാകുമ്പോൾ പ്രായപരിധി കഴിഞ്ഞാൽ, അവർക്കു് ഏജ് എക്സംപ്ഷൻ കൊടുത്തില്ലെങ്കിൽ ഈ ടെയിനിംഗ്ു് കഴിച്ചതുകൊണ്ടു് എന്താണു പ്രയോജനം ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ കൊടുക്കുന്നുണ്ടോ ഇല്ലയോഎന്നു നിശ്ചയമില്ല അതിനു പ്രത്യേകം ഒരു ചോദ്യം ചോദിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : പ്രായപരിധി കഴിയുന്നതിനുമുമ്പു കുറച്ചു മാസം ജോലി കൊടുത്തിട്ടുണ്ടെങ്കിൽ അതിനെ പരിഗണിച്ചു് പ്രായപരിധിയിൽ വല്ല വ്യത്യാസവും ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇതെല്ലാം ഒരേ ചോദ്യം പല രൂപത്തിൽ ചോദിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: പലതരത്തിലും ഓവർ ഏജ്ഡ് ആയിട്ടുള്ള ആളുകളെ കാണും. സ്ഥിരമായിട്ടുള്ള ജോലിക്കു് പ്രായപരിധി കഴിഞ്ഞവരെ നിയമിക്കുകയില്ല. അതിനുമുമ്പു് അവർ ജോലിയിലിരുന്നിരിക്കും. അങ്ങനെ കുറെ ദിവസങ്ങളോ മാസങ്ങളോജോലി കൊടുത്തിട്ടുള്ളവരുടെ കാര്യത്തിൽ വല്ല പ്രത്യേക പരിഗണനയുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഒരുദിവസത്തെ അപ്രൂവ്ഡ് സസ്പെൻസുണ്ടായിരുന്നാൽ "within" ഏജായി കണക്കാക്കി ഉദ്യോഗം നൽകുന്നതായി അറിയാമോ ?

ശ്രീ. ആർ. ശങ്കർ : കോളിഫൈഡ് ആണെങ്കിൽ കിട്ടും.

ശ്രീ. കെ. കൃഷ്ണപിള്ള : 60 വയസുവരെ ഉദ്യോഗത്തിലിരിക്കാമെന്നു വ്യവസ്ഥയുള്ളപ്പോൾ ഈക്കാര്യത്തിൽ 28 വയസ്സു് എന്നു പ്രത്യേകം വച്ചിട്ടുള്ളതു് എന്തിനാണു്? ഇതിൽ എന്താണു തത്വം.

ശ്രീ. ആർ. ശങ്കർ : ഒരുവിധം നീതിപൂർവ്വം വേണമെന്നു നിശ്ചയിച്ചതാണു് 28 വയസ്സു്.

വീവിംഗ് പരിശീലനം കഴിഞ്ഞവരിൽ നിയമനം കിട്ടിയവർ

* 809. [2] ശ്രീ. പി. സി. ആദിപുൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിന്റെ കീഴിൽ വീവിംഗ് പരിശീലനം നടത്തി സർട്ടിഫിക്കറ്റു കിട്ടിയവരിൽ ആർക്കെങ്കിലും പി. എസ്. സി. മുഖേന നിയമനം കിട്ടിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly